ടീച്ചർ സ്വയം പരിചയപ്പെടുത്തണം . ടീച്ചറുടെ പേര് ,
നാട് , വീട്ടിലുള്ളവർ
പരിശ്രമിച്ച് വിജയിച്ച ഒരനുഭവം /ശ്രമിച്ചാൽ
അസാധ്യമായിട്ടൊന്നുമില്ല എന്ന തോന്നൽ
സൃഷ്ടിക്കുന്നത് അവതരിപ്പിക്കണം - സ്വന്തം
അനുഭവമായി അവതരിപ്പിക്കാൻ കഴിയുമെങ്കിൽ നന്ന് .
വീഡിയോ പ്രദർശിപ്പിക്കുന്നു . (ടീം സ്പിരിറ്റ്
https://www.youtube.com/watch?v=fUXdrl9ch_Q)
അതിന്റെ ഉള്ളടക്കം ഒന്നു രണ്ടുപേർ പറയുന്നു .
സന്ദേശം എന്താണ് ? പറയിക്കുന്നു . അവർ
പറഞ്ഞില്ലെങ്കിൽ ടീച്ചർ അവതരിപ്പിക്കുന്നു .
“മുന്നിട്ടിറങ്ങിയാൽ ഏതു തടസ്സവും മറികടക്കാനാവും
. എനിക്കു കഴിവില്ല എന്ന് ആ കുട്ടി തീരുമാനിച്ചില്ല .
മറ്റുള്ളവരും കൂടി സഹായിച്ചാൽ ലക്ഷ്യം നേടും .
ഇനിമുതൽ വിജയത്തിന്റെ നാളകളാണ് .
Malayala Thilkkam-Session 1
ഒന്നാം ദിവസം
പ്രവർത്തനം 1
പരിചയപ്പെടൽ
പ്രവർത്തനം 2
ഞാൻ സൂര്യൻ

ടീച്ചർ ബോർഡിൽ ഒരു വട്ടമിടുന്നു , എന്താണിത് ?
കുട്ടികളോട് ചോദിക്കുന്നു . തുടർന്നു രശ്മികൾ
വരയ്ക്കുന്നു . ഇപ്പോൾ പറയൂ എന്താണിത് ? ആരാണ് ഇവിടുത്തെ
സൂര്യൻ ?
ദേ , ഒരു സൂര്യൻ ചിരിക്കുന്നു (ഒരു കുട്ടിയെ ചൂണ്ടുന്നു). ഈ
ക്ലാസിൽ
ഇപ്പോൾ ....സൂര്യൻമാർ ഉണ്ട് (കുട്ടികളുടെ എണ്ണം),
എല്ലാവരും സൂര്യന്റെ ഉള്ളിൽ സ്വന്തം പേരെഴുതിക്കേ ?
ഞാനും എഴുതാം . ടീച്ചർ സ്വന്തം പേര് സൂര്യന്റെ ഉള്ളിൽ
എഴുതുന്നു . തുടർന്ന് കുട്ടികളും വടിവോടെ അവരവരുടെ പേര്
പുസ്തകത്തിൽ വൃത്തം വരച്ച് അതിനുള്ളിൽ എഴുതുന്നു .
‘ഇനി അമ്മയുടെ പേര് ‘. ടീച്ചർ അമ്മയുടെ പേരെഴുതുന്നു . (
കുട്ടികളും) ഇങ്ങനെ വീട്ടിലുള്ളവരുടെ പേരുകൾ എഴുതി
പദസൂര്യൻ പൂർത്തിയാക്കുന്നു . പേപ്പറിന്റെ ചുവടു
ഭാഗത്തായി ഒരു ചെറിയ വീടും വരയ്ക്കുന്നു . തുടർന്ന്
എല്ലാവരും എഴുന്നേറ്റു നിൽക്കുന്നു . ഉറച്ച സ്വരത്തിൽ
ആവേശത്തോടെ പറയുന്നു .
വെളിച്ചമേകാൻ
ഇരുട്ട് മാറ്റാൻ
ഉദിച്ചുയരും സൂര്യൻ
ഉദിച്ചുയരും സൂര്യൻ
ഞാൻ , ഉദിച്ചുയരും സൂര്യൻ
സംഘമായി പാടുന്നു . ഈ ചിത്രത്തിൽ കുട്ടികൾക്ക്
ഇഷ്ടമുള്ള ഒരു കാര്യംകൂടി വരച്ചു ചേർക്കട്ടെ .
“

ഓരോ കുട്ടിക്കും എ 4 ഷീറ്റ് പേപ്പർ നല്കണം .
എ 4 ഷീറ്റ് പകുതി മടക്കി മുകളിൽ വീട് വരയ്ക്കാൻ
ആവശ്യപ്പെടുന്നു .
വീടിന് മുൻപിൽ എന്തൊക്കെയാണുള്ളത് ? (ചെടി പൂവ് മരം
കിണർ കിളികൾ ....) ഇത് ഓരോന്നായി പറയട്ടെ . തുടർന്ന്
വരയ്ക്കാൻ അവസരം .
വീടിനു മുൻപിൽ കടലില്ലേ ? (കുട്ടികൾ കടല്
വരയ്ക്കുന്നു .)
കടലില് ഒരു ബോട്ട് വരച്ചു ചേർത്താലോ ? (വരയ്ക്കുന്നു
)
ഈ ചിത്രം കൂടുതൽ മനോഹരമാക്കാൻ നിങ്ങൾക്ക്
സ്വന്തമായി എന്തെങ്കിലും വരച്ചു ചേർക്കാമോ ? വരച്ച
ചിത്രം നിറം കൊടുത്ത് മനോഹരമാക്കട്ടെ .
ചിത്രത്തെക്കുറിച്ച് വിവരണം /കുറിപ്പ്
തയ്യാറാക്കാം .
ടീച്ചർ 5 വാക്യങ്ങൾ പറയണം .
1. ഒരു വീട്
2. വീടിനു മുന്നിൽ ചെടി
3. ചെടിയിൽ പൂവ്
4. മുന്നിൽ കടല്
5. കടലില് ബോട്ട്
തുടർന്നുള്ള വാക്യങ്ങൾ കുട്ടികൾ സ്വന്തമായി
കൂട്ടിച്ചേർത്തെഴുതണം . നിശ്ചിത സമയം കഴിഞ്ഞു പേപ്പർ
തിരികെ വാങ്ങണം .
ചുവടെ നൽകിയ മാനദണ്ഡം പ്രകാരം തരംതിരിക്കണം .
- ഒന്നും എഴുതാത്തവർ
- അവ്യക്തമായി എഴുതിയവർ
- ഭാഷാപരമായ പ്രശ്നങ്ങൾ കൂടുതൽ ഉള്ളവർ
പ്രവർത്തനം 3
വീടും പുഴയും (പ്രീ -ടെസ്റ്റ്)

- അക്ഷരങ്ങളും ചിഹ്നങ്ങളും ശരിയായി എഴുതാത്തവർ
എല്ലാവർക്കും പുതിയ ബുക്ക് നൽകുന്നു . ആദ്യ പേജിൽ
സ്വന്തം പേര് , ക്ലാസ് , സ്കൂൾ , സ്ഥലം എന്നിവ മലയാളത്തിൽ
എഴുതണം . (പേര് പൂർണ്ണമായി എഴുതാൻ പ്രോത്സാഹിപ്പിക്കണം
-ചുറ്റിനടന്ന് എഴുത്ത് വിലയിരുത്തണം . ലേഖന പ്രശ്നങ്ങൾ
കണ്ടാൽ സഹായിക്കാം) മലയാളത്തിൽ എഴുതാൻ പ്രയാസമുളളവരെ
ഇംഗ്ലീഷിൽ എഴുതാൻ അനുവദിക്കാം . ഏതെല്ലാം
കുട്ടികൾക്ക് തെറ്റില്ലാതെ മലയാളത്തിൽ സ്വന്തം പേര്
എഴുതാൻ കഴിഞ്ഞു എന്നു കണ്ടെത്തണം . എഴുതിയതിൽ മികച്ച
ഒന്ന് (അക്ഷരവടിവ് , വലുപ്പം , ഭംഗി , വരിയകലം) പൊതുവായി
പ്രദർശിപ്പിക്കണം . അഭിനന്ദിക്കണം . ഇതുപോലെ ഭംഗിയായി
എഴുതാൻ എല്ലാവർക്കും കഴിയും എന്ന് പറഞ്ഞ്
പ്രോത്സാഹിപ്പിക്കണം .
Revision #2
Created 27 May 2025 05:33:31 by iLab
Updated 27 May 2025 05:40:06 by iLab